"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് - ആർ.ആർ/നോൺ-ആർ.ആർ കുടിശ്ശിക തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) "ആശ്വാസ്-2025"-ന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവിൽ തിരുത്തൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1/2025/TAXES തീയതി,തിരുവനന്തപുരം, 01-01-2025

---

പരാമർശം:-

1. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ യുടെ 02.12.2024, 21.12.2024 എന്നീ തീയതികളിലെ 13037/റിക്കവറി നമ്പർ കത്ത്
2. 19.12.2024 തീയതിയിലെ സ.ഉ(സാധാ)നം.1132/2024/നികുതി ഉത്തരവ്

**ഉത്തരവ്**

ആർ.ആർ/നോൺ-ആർ.ആർ കുടിശ്ശിക തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) "ആശ്വാസ് 2025" സംഘടിപ്പിക്കുന്നതിന് കെ.എസ്.എഫ്.ഇ-യ്ക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ, പരാമർശം (1) ലെ 02.12.2024 തീയതി കത്ത് പ്രകാരം കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിലെ "17", "19" നിബന്ധനകളിൽ പിഴപ്പലിശയിൽ അനുവദിക്കാവുന്ന പരമാവധി പലിശനിരക്ക് "55%" എന്നതിന് പകരം "50%" എന്ന് ക്ലറിക്കൽ പിഴവ് മൂലം തെറ്റായി രേഖപ്പെടുത്തിയിരുന്നതിനാൽ പരാമർശം (2) ഉത്തരവിലെ "18", "20" നിബന്ധനകളിൽ 50% പലിശനിരക്ക് തന്നെ അംഗീകരിച്ച് ഉത്തരവായതായും, ഇത് തിരുത്തൽ വരുത്തി ശരിയായ പലിശനിരക്കായ "55%" ആക്കി തിരുത്തി നൽകണമെന്ന് പരാമർശം (1)-ലെ 21.12.2024 തീയതി കത്ത് പ്രകാരം കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.എഫ്.ഇ

മാനേജിംഗ് ഡയറക്ടർ, അഭ്യർത്ഥിച്ചത് പ്രകാരം പരാമർശം (2) ഉത്തരവിലെ നിബന്ധന 18 , 20 എന്നിവയിൽ താഴെ പറയുന്ന തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"18. ഈ പദ്ധതിപ്രകാരം ശാഖകളിൽ KPL, KHL എന്നീ EMI Based വായ്പകൾക്ക് പിഴപ്പലിശയിൽ (തുകയിൽ) പരമാവധി 55% വരെ ഇളവ് അനുവദിക്കാവുന്നതാണ്.

20. ഈ പദ്ധതിപ്രകാരം CVL, NCL, Special Car Loan, VDL, PBMS എന്നീ വായ്പകളിൽ പിഴപ്പലിശയിൽ പരമാവധി 55% വരെ ഒഴിവാക്കാവുന്നതാണ്."

4. മേൽ തിരുത്തലുകളോടെ പരാമർശം (2)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് തൃശ്ശൂർ
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം
3. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (H2/421/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 01-01-2025 10:51:58
സെക്ഷൻ ഓഫീസർ